# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടകര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി5)953/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
അസി.ഡവലപ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി5)953/2022 തീയ്യതി: 12/07/2022

## തൃശ്ശൂർ ജില്ലയിലെ കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-06-2019 മുതൽ 26-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ ഷാജി | ജോയിന്റ് ഡയറക്ടർ | 27-05-2022 | 31-05-2022 |
| ശ്രീ. എൻ. സതീശൻ | ജോയിന്റ് ഡയറക്ടർ( ഇൻ ചാർജ്ജ്) | 01-06-2022 | 03-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-05-2022 | 03-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പി ജി സദാനന്ദൻ, ഓഡിറ്റ് ഓഫീസർ
ശ്രീ ശിവദാസൻ എ കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ സിജു പി ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ് എം ജി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യാ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കലാപ്രിയ സുരേഷ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ എം ആർ രഞ്ജിത്ത് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അജയഘോഷ് പി ആർ | ബിഡിഒ/സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി സരസ്വതി എ കെ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 05-06-2020 |
| ശ്രീ വിനോദ്കുമാർ പി | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 06-06-2020 | 06-07-2020 |
| ശ്രീമതി ജിജി ജോസഫ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 07-07-2020 | 07-07-2020 |
| ശ്രീമതി സ്വപ്ന എസ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 08-07-2020 | 31-03-2021 |
| ശ്രീ ആന്റണി എം വട്ടോലി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി നിഷ എം | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീനി വർഗ്ഗീസ് | ചൈൽഡ് വലപ്മെന്റ് പ്രോജക്ട് ഓഫീസർ (അഡീഷണൽ) | 01-04-2020 | 12-07-2020 |
| ശ്രീമതി നിഷ എം | ചൈൽഡ് വലപ്മെന്റ് പ്രോജക്ട് ഓഫീസർ (അഡീഷണൽ) | 13-07-2020 | 08-12-2020 |
| ശ്രീമതി ഗ്രേസി ടി വി | ചൈൽഡ് വലപ്മെന്റ് പ്രോജക്ട് ഓഫീസർ (അഡീഷണൽ) | 09-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ സിജോൺ ജോൺസൺ | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി വലന്റീന കെ വി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ രാധാകൃഷ്ണൻ സി ബി | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2020 | 03-03-2021 |
| ശ്രീമതി സവിത പി ജോയ് | പട്ടികവർഗ്ഗ വികസന ഓഫീസർ | 03-03-2021 | 31-03-2021 |
| ശ്രീ സെബി വി എ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.എം എ മനോജ് കുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ പ്രതീഷ് പി ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 05-01-2021 |
| ശ്രീ സുബിൻ ശേഖർ | അസിസ്റ്റന്റ് എഞ്ചിനീയർ | 05-01-2021 | 12-01-2021 |
| ശ്രീമതി ജിജിമോൾ ടി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-01-2021 | 31-03-2021 |
| ഡോ.ലക്ഷ്മി മേനോൻ | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 01-04-2020 | 15-01-2021 |
| ഡോ. ജോയ് ജോസഫ് | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 16-01-2021 | 31-03-2021 |
| ഡോ.ബിനോജ് ജോർജ് മാത്യു | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 12-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-7 |
| 8 | അടിസ്ഥാനഅനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-8 |
| 9 | അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-9 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-10 |
| 11 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-11 |
| 12 | ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-12 |
| 13 | സ്റ്റോക്ക് രജിസ്റ്റർ പൂർണമല്ല<br>Written By: Sivadasan A K (Asst. Audit Officer, On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-13 |
| 14 | രജിസ്റ്ററുകളുടെ അഭാവത്തിൽ അഡ്വാൻസ് ഇനങ്ങളുടെ കൃത്യത പരിശോധിക്കാനായില്ല<br>Written By: Sivadasan A K (Asst. Audit Officer, On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-14 |
| 15 | മൂലധനചിലവുകൾക്ക് ചിലവഴിച്ച ഗ്രാന്റ് തുക അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമായി ബുക്കു ചെയ്യുന്നു. | 1-15 |

| | | |
|---|---|---|
| | Written By: Sivadasan A K (Asst. Audit Officer, On 31-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | |
| 16 | രസീതി പരിശോധന – അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-16 |
| 17 | സാംഖ്യ രസീതികൾ ഉപയോഗിക്കാതെ മാന്വൽ രസീതി മുഖേന മാത്രം പണമിടപാടുകൾ നടത്തുന്നു<br>Written By: Dhanya Dhileep (Auditor, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-17 |
| 18 | മറ്റത്തൂർ സി.എച്ച്.സിയിലേയ്ക്ക് മരുന്നുവാങ്ങൽ-മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-18 |
| 19 | കമ്പ്യൂട്ടർവൽകൃത രോഗീസൗഹൃദ ആശുപത്രി പദ്ധതി പൂർത്തീകരിച്ചിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-19 |
| 20 | പുതുക്കാട് താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്കാനിംഗ് മെഷീൻ വാങ്ങിയത് സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 12-07-2022) | 1-20 |
| 21 | രണ്ടു ഗഡു ധനസഹായം നൽകി പഠനമുറി പൂർത്തീകരിക്കാതെ നിൽക്കുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-21 |
| 22 | മാതൃക സംയോജിത പദ്ധതി- തരിശുഭൂമി പച്ചക്കറികൃഷി - മുഴുവൻ രേഖകളുടേയും അഭാവത്തിൽ 51000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 31-05-2022)<br>Last Updated By: Ranjith P.R (Auditor, On 12-07-2022) | 1-22 |
| 23 | അനുവദനീയമായ നിലയിലും കൂടുതൽ വിസ്തൃതിയുള്ള പഠനമുറിക്ക് ധനസഹായം അനുവദിച്ചത്<br>Written By: Sivadasan A K (Asst. Audit Officer, On 31-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 12-07-2022) | 1-23 |
| 24 | പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 12-07-2022) | 1-24 |
| 25 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-25 |
| 26 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-26 |
| 27 | പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-27 |
| 28 | ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് സ്വയംതൊഴിൽ പരിശീലനം-സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-28 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 3-1 |
| 2 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 01-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 01-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.G.Sadanandan (Audit Officer, On 01-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P.G.Sadanandan (Audit Officer, On 01-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 01-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.G.Sadanandan (Audit Officer, On 01-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: P.G.Sadanandan (Audit Officer, On 01-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 01-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.G.Sadanandan (Audit Officer, On 01-06-2022)<br>Last Updated By: Ranjith P.R (Auditor, On 12-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.G.Sadanandan (Audit Officer, On 01-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 19.03.2020 | 1 | 82986000 | 82096750 |

### 1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

| സമർപ്പിക്കേണ്ട തീയതി | സമർപ്പിച്ച തീയതി |
|---|---|
| 31-07-2021 | 24.06.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22778957 |
| വരവ് | 91135758 |
| ആകെ | 113914715 |
| ചെലവ് | 96773352 |
| നീക്കിയിരിപ്പ് | 17141363 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (വാർഷിക കണക്ക് പ്രകാരം പ്രകാരം) | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 40781063 | 40781063 | 40781063 | 0 |
| വികസന ഫണ്ട് – എസ് സി പി | 0 | 20372100 | 20372100 | 20372100 | 0 |
| വികസനഫണ്ട് ടി എസ് പി | 0 | 875200 | 875200 | 875200 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 6329014 | 6329014 | 6329014 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 3924211 | 3924211 | 3924211 | 0 |
| മെയിന്റനൻസ്-റോഡിതരം | 0 | 7118267 | 7118267 | 7118267 | 0 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 146 | 96285491 | 120 | 79650607 | 24 | 2 | 82.19 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-5-2022 തിയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഈ തീയതിയിൽ സ്ഥാപനത്തിന് വരവില്ലെന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ അക്കൗണ്ടിങ്ങ്, പദ്ധതി നിർവ്വഹണം എന്നിങ്ങനെ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-8 അടിസ്ഥാനഅനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-9 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| വാടകAFS | 59280 | 50466 | Nil | Nil | 8814 |
| വാടക DR | 59280 | 47211 | Nil | Nil | 12069 |

## 1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല
ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5637594 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4431362രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-12 ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 714572 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-13 സ്റ്റോക്ക് രജിസ്റ്റർ പൂർണമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ കാണിക്കേണ്ടതാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതാത്തതിനാൽ ഇപ്രകാരം വിവരങ്ങൾ രേഖപ്പെടുത്തി വരുന്നില്ല.

## 1-14 രജിസ്റ്ററുകളുടെ അഭാവത്തിൽ അഡ്വാൻസ് ഇനങ്ങളുടെ കൃത്യത പരിശോധിക്കാനായില്ല

അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂളുകളിലെ
താഴെ ചേർക്കും പ്രകാരമുള്ള നീക്കിയിരുപ്പുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

B 18 ഷെഡ്യൂൾ പ്രകാരം

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക |
|---|---|---|
| 460100103 | ടെംപററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസസ് | 617403 |
| 460500201 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് | 2420000 |
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 111000 |

## 1-15 മൂലധനചിലവുകൾക്ക് ചിലവഴിച്ച ഗ്രാന്റ് തുക അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമായി ബുക്കു ചെയ്യുന്നു.

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-16 രസീതി പരിശോധന – അപാകതകൾ

സാംഖ്യ രസീതി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം C4063605 മുതൽ C4064000 വരെയുള്ള രസീതികൾ ആണ് സ്റ്റോക്കിൽ ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയപ്പോൾ C4063751 മുതൽ C4064000 വരെയുള്ള രസീതികൾ മാത്രമാണ് സ്റ്റോക്കിൽ ഉപയോഗിക്കാതെ അവശേഷിക്കുന്നത്. C4063605 മുതലുള്ള രസീതികൾ ഉപയോഗിച്ചതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ C4063750 നമ്പർ സാംഖ്യ രസീതി പരിശോധനയ്ക്ക് ലഭ്യമായില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ . 20/3.6.2022) മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 സാംഖ്യ രസീതികൾ ഉപയോഗിക്കാതെ മാന്വൽ രസീതി മുഖേന മാത്രം പണമിടപാടുകൾ നടത്തുന്നു

25/6/2019 മുതൽ ഉള്ള രസീതി പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്തിലെ വരവുകൾ മാന്വൽ രസീതി മുഖേന സ്വീകരിക്കുകയും പിന്നീട് സാംഖ്യയിൽ രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നത് എന്ന് ബോധ്യപ്പെട്ടു. സാംഖ്യ രസീതികൾ ഉപയോഗിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ . 1/28.5.2022) ലഭ്യമായ മറുപടിയിൽ എല്ലാദിവസവും ക്യാഷ് റസീപ്റ്റ് ഇല്ലാത്തതിനാൽ പ്രിന്റർ നിരന്തരം പ്രവർത്തനരഹിതമാകുന്നു എന്നും പലതവണ റിപ്പയർ ചെയ്തുവെങ്കിലും സാംഖ്യ രസീതികൾ കേട് വരുന്നതിനാൽ മാന്വൽ രസീതികൾ ഉപയോഗിക്കുകയാണ് ഉണ്ടായതെന്നും ആയത് പരിഹരിച്ച് തുടർന്ന് സാംഖ്യ രസീതികൾ ഉപയോഗിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. പ്രിന്റർ റിപ്പയർ ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് തുക ചെലവാക്കുന്നുണ്ട്. ആയതിനാൽ പ്രിന്റർ പ്രവർത്തനസജ്ജമാക്കേണ്ടതും സാംഖ്യ രസീതികൾ ഉപയോഗിക്കേണ്ടതുമാണ്.

## 1-18 മറ്റത്തൂർ സി.എച്ച്.സിയിലേയ്ക്ക് മരുന്നുവാങ്ങൽ-മരുന്ന് ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി.മറ്റത്തൂർ നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്ന് ലഭിച്ചിട്ടില്ല.

| പദ്ധതി | ബിൽനമ്പർ,തിയതി | കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷന് നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| 28/21 മറ്റത്തൂർ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ | 06/20,10.06/2020 (MG-NR) | 300000 |

350000 രൂപയുടെ പ്രഫോർമ്മ ഇൻവോയ്സ് ആണ് ബില്ലിനോടൊപ്പം ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. മരുന്ന് ലഭ്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 14/02.06.2022)

## 1-19 കമ്പ്യൂട്ടർവൽകൃത രോഗീസൗഹൃദ ആശുപത്രി പദ്ധതി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പുതുക്കാട്
കമ്പ്യൂട്ടർവൽകൃത രോഗീസൗഹൃദ ആശുപത്രി എന്ന പദ്ധതിയിൽ 2019-20, 2020-21 വർഷങ്ങളിൽ താഴെപറയും വിധം ചെലവുണ്ട്.

| ക്രമനമ്പർ | പദ്ധതി നമ്പർ, ആകെ ചെലവ് | ബിൽനമ്പർ,തിയതി | കെൽട്രോണിന് നൽകിയ തുക |
|---|---|---|---|
| 1 | 70/20, 43811(വികസനഫണ്ട് പൊതുവിഭാഗം) | 13/20, 26.03.2020 | 43811 |
| 2 | 150/21 339366 ( മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 20/21, 04.02.21 | 339366 |
| 3 | 107/21 172329(വികനഫണ്ട് പൊതുവിഭാഗം) 2008800( മെയിന്റനൻസ് ഗ്രാന്റ് രോഡിതരം) | 01/21,20.04.20 | 172329 |
| | | 3/21, 12.06.20<br>14/21, 12.01.2021 | 1839091<br>169709 |
| | | ആകെ ചെലവ് | 2564306 |

കെൽട്രോണിൽനിന്നും യു.പി .എസ്,കമ്പ്യൂട്ടറുകൾ ബാർകോഡ്,ക്യു.ആർ കോഡ് സ്കാനറുകൾ മുതലായവ വാങ്ങി ആശുപത്രിയിലെ വിവിധ വിഭാഗങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യമിട്ട ഈ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ആകെ 20കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ ബില്ലിംഗ്, ലബോറട്ടറി, ഫാർമസി വിഭാഗങ്ങളിലേയ്ക്ക് നൽകിയ 6 കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നില്ല എന്ന് 01.06.2022 ന് നടത്തിയ ഭൗതിക പരിശോധനയിൽ കാണുവാൻ സാധിച്ചു. 3 കമ്പ്യൂട്ടറുകൾ ഓപറേഷൻ തിയറ്ററിൽ അവ കൊണ്ടുവന്ന കാർട്ടനിൽ തന്നെ സൂക്ഷിച്ചിരിയ്ക്കുകയാണ്. ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതും വിതരണം ചെയ്തതുമായ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻപ് തന്നെ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങി അവ പ്രവർത്തിപ്പിക്കാതെ സൂക്ഷിക്കുന്നത് ശരിയായ നടപടി അല്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ 14/02.06.2022 നമ്പർ ഓഡിറ്റ് എൻക്വറിയ്ക്കുള്ള മറുപടിയിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയായി വരുന്നതായും പദ്ധതി പൂർത്തീകരിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതിയിൽ വാങ്ങിയ എല്ലാ ഉപകരണങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 പുതുക്കാട് താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്കാനിംഗ് മെഷീൻ വാങ്ങിയത് സംബന്ധിച്ച്

പുതുക്കാട് താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്കാനിംഗ് മെഷീൻ വാങ്ങൽ എന്ന പദ്ധതിയിൽ സൂപ്രണ്ട്, താലൂക്ക് ആശുപത്രി നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന വിധം തുക ചെലവഴിച്ചിട്ടുണ്ട്

| പദ്ധതിനമ്പർ | ബിൽനമ്പർ,തിയതി | കേരള മെഡിക്കൽ സർവ്വീസസ് |
|---|---|---|

| | | |
|---|---|---|
| | | കോർപറേഷന് നൽകിയ തുക |
| 111/21 (So) | 02/21, 12.05.20 (വികനഫണ്ട് പൊതുവിഭാഗം) | 1137899 |

2019-20 ൽ 108/20 പദ്ധതിയിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 3544 രൂപ ഉൾപ്പെടെ ആകെ 1141443 രൂപ ചെലവാക്കി സ്കാനിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും മെഷീൻ ഉപയോഗിച്ചു തുടങ്ങിയിട്ടില്ലെന്ന് 01.06.2022 ന് നടത്തിയ ഭൗതിക പരിശോധനയിൽ കാണുവാൻ സാധിച്ചു. ഇതുമായി ബന്ധപ്പെട്ട് നൽകിയ 14/02.06.2022 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ , ഡോക്ടറുടെ സേവനം ലഭ്യമാക്കി ഉപകരണം ഉപയോഗിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്കാനിംഗ് മെഷീൻ ഉപയോഗപ്രദമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സ്കാനിംഗ് മെഷീൻ ഉപയുക്തമാക്കി ഓഡിറ്റിനെ അറിയിക്കുന്നതുവരെ 2020-21 ൽ ചെലവഴിച്ച 1137899 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 രണ്ടു ഗഡു ധനസഹായം നൽകി പഠനമുറി പൂർത്തീകരിക്കാതെ നിൽക്കുന്നു.

പ്രോജക്ട് നമ്പർ. 42/21

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ

സാരംഗി .കെ.ജെ, കിഴക്കേടത്ത് ,കല്ലൂർ പി.ഒ.പള്ളിക്കുന്ന് എന്ന ഗുണഭോക്താവിന് 07/09/20, 19/02/21 എന്നീ തിയ്യതികളിലായി യഥാക്രമം 50000 രൂപ, 75000 രൂപ എന്നിങ്ങനെ നൽകിയിട്ടുണ്ട്. ആദ്യ വാല്യുവേഷൻ പ്രകാരം 50632 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചതായി ഫയലിൽ ചേർത്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെ അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 12/ 30-05-2022) ഗുണഭോക്താവിന് കത്ത് അയച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ മറുപടി അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പുതുതായി കൈക്കൊണ്ട വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 മാതൃക സംയോജിത പദ്ധതി- തരിശുഭൂമി പച്ചക്കറികൃഷി - മുഴുവൻ രേഖകളുടേയും അഭാവത്തിൽ 51000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ. 134/21

സുഭിക്ഷ കേരളം - കൊടകര ബ്ലോക്ക് പഞ്ചായത്ത് മാതൃക സംയോജിത പദ്ധതി- തരിശു ഭൂമി പച്ചക്കറി കൃഷി.

ആകെ ചിലവ് . 51000

ഫണ്ടിനം. പ്ലാൻ ഫണ്ട് ജനറൽ

നിർവ്വഹണോദ്യോഗസ്ഥന്റെ ട്രഷറി ബിൽ ബുക്ക് 20-21 വർഷം ക്രമനമ്പർ.2/ 02-02-21
നിർവ്വഹണോദ്യോഗസ്ഥൻ. കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ഈ പ്രോജക്ടിന്റെ ഭാഗമായി 51000 അഗ്രോ സർവ്വീസ് സെന്ററിന് കൈമാറിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനവിവരം | തുക |
|---|---|---|
| 1 | നൂലുവള്ളി പ്രദേശത്ത് 50 സെന്റ് സ്ഥലം കൃഷിക്ക് ഒരുക്കി നൽകിയതിന് | 5000 |
| 2 | വരന്തരപ്പിള്ളി മേഖലയിൽ 80 സെന്റ് സ്ഥലം ഒരുക്കിയതിന് | 5000 |
| 3 | വേലൂപ്പാടം കിണർ പരിസരത്ത് അമ്പതു സെന്റ് സ്ഥലം കൃഷിക്ക് ഒരുക്കി നൽകിയതിന് | 5000 |
| 4 | തല്ലൂർ , തലവണിക്കര എന്നീ പ്രദേശങ്ങളിൽ അമ്പതു സെന്റ് വീതം സ്ഥലങ്ങളിൽ നിലമൊരുക്കിയതിന് | 10000 |

| | | |
|---|---|---|
| 5 | വാസുപുരം എന്ന സ്ഥലത്ത് എൺപത് സെന്റ് സ്ഥലത്ത് നിലമൊരുക്കിയതിന് | 5000 |
| 6 | മറ്റത്തൂർ ഭാഗത്ത് 150 സെന്റ് സ്ഥലത്ത് നിലമൊരുക്കിയതിന് | 11000 |
| 7 | പുതുക്കാട് ഭാഗത്ത് 140 സെന്റ് സ്ഥലം ഒരുക്കിയതിന് | 10000 |

അപാകതകൾ താഴെ ചേർക്കുന്നു.

1.ഗ്രൂപ്പുകളെ ബ്ലോക്ക് പഞ്ചായത്ത് സമിതി അംഗീകരിച്ചതായി രേഖയില്ല.

2. ഗ്രൂപ്പുകൾ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി ഉറപ്പാക്കാനാവശ്യമായ നികുതി രസീതി , പാട്ടച്ചീട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. ഗ്രൂപ്പുകൾ ഇക്കാര്യം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകൾ ഫയലിൽ ഇല്ല.

4. ഗ്രൂപ്പുകൾ കൃഷി ചെയ്തിട്ടുണ്ട് എന്ന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്-(ഓഡിറ്റ് എൻക്വയറി നമ്പർ-4/ 28-05-2022) നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമായ മറുപടി നൽകാത്ത സാഹചര്യത്തിൽ ആകെ 51000 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 അനുവദനീയമായ നിലയിലും കൂടുതൽ വിസ്തൃതിയുള്ള പഠനമുറിക്ക് ധനസഹായം അനുവദിച്ചത്

സർക്കാർ ഉത്തരവ് (സാധാ) നം. 2636/18/തസ്വഭവ തിയ്യതി. 15/10/2018 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന പഠനമുറിയുടെ പരമാവധി വിസ്തൃതി 120 ചതുരശ്ര അടിയിൽ അധികരിക്കരുത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പഠനമുറിയുടെ കൊടകര ബ്ലോക്ക് എൽ.എസ്.ജി.ഡി വിഭാഗം അസി.എഞ്ചിനീയർ നൽകിയ ഫൈനൽ വാല്യുവേഷൻ പ്രകാരം കൂടുതൽ വിസ്തൃതി വന്നിട്ടുണ്ട്. നിയമാനുസൃത പരിധിയേക്കാൾ കൂടുതൽ വിസ്തൃതി വന്ന നിർമ്മാണങ്ങൾക്ക് ധനസഹായം അനുവദിച്ചതിന്റെ സാധുത അറിയിക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം- 12/30-05-2022) 01/06/2022 ൽ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ താഴെ നിലയുടെ ചുമരിനൊപ്പം പണിയാനിട വന്നതിനാലാണ് വീട് അധികരിച്ചത് എന്ന് വിശദീകരിച്ചിരിക്കുന്നു. മാത്രമല്ല പട്ടികജാതി വികസന വകുപ്പിലെ മാർഗ്ഗ രേഖകൾ പ്രകാരം പഠനമുറിയുടെ വിസ്തൃതി ഏറ്റവും കുറഞ്ഞത് 120 ചതുരശ്ര അടി ആണ് എന്ന് അറിയിച്ചിട്ടുണ്ട്. ഒരേ തരം ധനസഹായങ്ങൾക്ക് ഉത്തരവുകളിൽ വരുന്ന വ്യക്തതക്കുറവുമൂലം അനുകൂല്യങ്ങൾ നൽകുന്നതിൽ ബുദ്ധിമുട്ടുണ്ടാകുന്ന അവസരത്തിൽ ആയത് കോ-ഓഡിനേഷൻ കമ്മിറ്റിയുടെയോ , സർക്കാരിന്റെയോ ശ്രദ്ധയിൽ പെടുത്തി പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. നിലവിലെ കെട്ടിടത്തിനോട് ചേർന്ന് പഠനമുറി പണിയുമ്പോൾ സ്ട്രക്ചറൽ സ്റ്റബിലിറ്റിക്കു വേണ്ടി വലിപ്പം കൂടുന്ന സാഹചര്യത്തിൽ അതിന്റെ അനിവാര്യത അനുസരിച്ച് എത്ര വലിപ്പം വരെയാകാം എന്ന വിഷയം കോ- ഓഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ് എന്ന കാര്യവും ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

1. പ്രോജക്റ്റ് നമ്പർ. 119/20, 81/21

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ

ബ്ലോക്ക് പഠനമുറി വനിത

| ഗുണഭോക്താവിന്റെ പേര്, വിലാസം | വാല്യുവേഷൻ തിയ്യതി | ഫൈനൽ വാല്യുവേഷൻ പ്രകാരം വിസ്തൃതി | വാല്യുവേഷൻ തുക |
|---|---|---|---|
| രശ്മി. കുന്നം പിള്ളി വീട്, വരാക്കര | 25/09/2020 | 201 സ്ക്വയർ ഫീറ്റ് | 200661 |
| സാന്ദ്ര.കെ.കെ കണ്ണോളി വീട് കടംബോട് | 17/12/2020 | 165 സ്ക്വയർ ഫീറ്റ് | 200000 |

2. പ്രോജക്റ്റ് നമ്പർ. 82/21, 137/21

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ

ബ്ലോക്ക് പാനമുറി പട്ടികജാതി

| ഗുണഭോക്താവിന്റെ പേര്, വിലാസം | വാല്യുവേഷൻ തിയ്യതി | ഫൈനൽ വാല്യുവേഷൻ പ്രകാരം വിസ്തൃതി | വാല്യുവേഷൻ തുക |
|---|---|---|---|
| മായ പി.ആർ.പെരിങ്ങാശ്ശേരി വീട്. കണ്ണമ്പത്തൂർ | 16/04/2019 | 170 സ്ക്വയർ ഫീറ്റ് | 235727 |
| അനുപമ .പി.ആർ പോത്തിക്കര വീട് തൃക്കൂർ.പി.ഒ | 16/04/2019 | 174.58 സ്ക്വയർ ഫീറ്റ് | 264234 |

## 1-24 പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പുതുക്കാട് താലൂക്ക് ആശുപത്രി സൂപ്രണ്ട് 2020-21 വർഷത്തിൽ പത്രത്തിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തീയതി | ബിൽതുക | ദേശാഭിമാനി പത്രത്തിന് അനുവദിച്ച തുക |
|---|---|---|---|
| 1 | പദ്ധതി 40/21, നിത്യനിദാനചെലവുകൾ 09/20-21/25.09.2020 | 145373(MG-NR) | 27048 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവിധ ബില്ലുകളിലായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്.

ഈ പരസ്യത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 14/02.06.2022)

## 1-25 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ

മാന്വൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ -122/21 – ചാക്കോച്ചിറ കുളം നവീകരണം വാർഡ് 12 – പുതുക്കാട് ഗ്രാമപഞ്ചായത്ത്<br>അടങ്കൽ – 498499<br>കരാർ തുക – 445802<br>കരാറുകാരൻ – ലോനക്കുട്ടി കെ പി<br>എഗ്രിമെന്റ് നം.:30/AE /LSGD/KDA /2019-20 Dt.17-1-20<br>അളവു പുസ്തകം- 44/2019-20<br>ട്രഷറി ബിൽ നമ്പർ 25/24.6.20<br>ചെലവ് തുക – 498499/- | 16.12.2019 | 30.12.2019 | 17.01.2020 | 4458 |
| 2 | പ്രോജക്റ്റ് നമ്പർ -51/21 –കനകമല ലിഫ്റ്റ് ഇറിഗേഷൻ, കൊടകര ഗ്രാമപഞ്ചായത്ത്<br>അടങ്കൽ – 415104<br>കരാർ തുക – 365459<br>കരാറുകാരൻ – ലോനക്കുട്ടി കെ പി | 16.12.2019 | 30.12.2019 | 17.01.2020 | 3655 |

| | | | | | |
|---|---|---|---|---|---|
| | എഗ്രിമെന്റ് നം.:31/AE /LSGD/KDA /2019-20 Dt.17-1-20<br>അളവു പുസ്തകം-40, 46,23/2019-20<br>ട്രഷറി ബിൽ നമ്പർ 32/28.10.2020<br>ചെലവ് തുക - 415104/- | | | | |
| | ആകെ | | | | 8113 |

മുകളിൽ പറഞ്ഞതുപ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 16/02.06.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴ ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽനിന്നും പിഴ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-26 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല

PRICE സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിവരം | ബിറ്റുമിന്റെ അളവ് (Kg) | ഉപയോഗിച്ച ടാർ ബാരലുകളുടെ എണ്ണം | വില (@ Rs.238) | ജി എസ് ടി (18%) | ആകെ |
|---|---|---|---|---|---|---|
| 1 | 101/21 - വാസുപുരം കുഞ്ഞാക്കര റോഡ് വാർഡ് 21 മറ്റത്തൂർഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ - കെ ആർ അനന്തരാമൻ<br>എംബി നമ്പർ - 27/19-20<br>33/19-20<br>എഗ്രി.നമ്പർ - 12/AE/LSGD /KDA/2019-20<br>തീയതി 05.09.2019<br>ചെലവ് - 646767/-<br>ട്രഷറി ബിൽ നമ്പർ/തീയതി | VG 30 - 3929.16<br>RS1- 404.49 | 27 (25 + 2) | 6426 | 1157 | 7583 |

| | | | | | | |
|---|---|---|---|---|---|---|
| | 18/20.4.2020 – 193932<br>12/20.4.2020 - 452835 | | | | | |
| 2 | 67/21 – കണ്ണമ്പത്തൂർ റോഡ് റീടാറിങ്ങ് പുതുക്കാട് ഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ - സി കെ ഷാജി<br>എംബി നമ്പർ - 16/20-21<br>എഗ്രി.നമ്പർ - 21/AE/LSGD /KDA/2019-20<br>തീയതി 06.11.2020<br>ചെലവ് - 499915/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>41/26.3.2021 | VG30 – 3305.79<br>RS1 – 352.51 | 23<br>(21 + 2) | 5474 | 985 | 6459 |
| 3 | 63/21 – കടമ്പോട് മുട്ടത്തുകുളങ്ങര കനാൽ ബണ്ട് റോഡ് - മറ്റത്തൂർ ഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ - മാത്യു വർഗീസ്<br>എംബി നമ്പർ - 8/20-21<br>എഗ്രി.നമ്പർ - 6/AE/LSGD /KDA/2020-21<br>തീയതി 09.06.2020<br>ചെലവ് - 489048/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>39/27.2.2021 | SS1 – 602.57<br>RS1 – 194.95<br>VG30 – 1495.78 | 14<br>(3 + 1 + 10) | 3332 | 600 | 3932 |
| 4 | 118/21 – പാലക്കപ്പറമ്പ് മതിക്കുന്ന് കോട്ടായി കപ്പേള കനാൽ ബണ്ട് റോഡ്, തൃക്കൂർ ഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ - സി കെ ഷാജി<br>എംബി നമ്പർ - 16/20-21<br>എഗ്രി.നമ്പർ - 1/AE/LSGD /KDA/2019-20 | RS1 – 181.09<br>VG30 – 1389.44<br>SS1 – 559.725 | 13<br>(1 + 9 +3) | 3094 | 557 | 3651 |

| | | | | | | |
|---|---|---|---|---|---|---|
| | തീയതി 22.08.2019<br>ചെലവ് - 875414/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>52/31.3.2021 | | | | | |
| 5 | 119/21 – മാങ്കുറ്റിപ്പാടം കനാൽ ബണ്ട് റോഡ് മറ്റത്തൂർ ഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ - കെ ആർ അനന്തരാമൻ<br>എംബി നമ്പർ - 11/20-21<br>എഗ്രി.നമ്പർ - 14/AE/LSGD /KDA/2019-20<br>തീയതി 05.09.2019<br>ചെലവ് - 454025/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>54/30.3.2021 | VG30 – 1352.23<br>RS1 – 185.01<br>SS1 – 571.84 | 12<br>(8 +1 + 3) | 2856 | 514 | 3370 |
| | ആകെ | | | | | 24995 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 15/2.6.2022-ന് മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ബാരൽ വില ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽപറഞ്ഞ പ്രകാരം കാലിബാരൽ വില ഇനത്തിൽ 24995 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-27 പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് - അപാകതകൾ

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ

സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2019-20, 2020-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപ് നിലവിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക്പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല. കൊടകര ബ്ലോക്ക് പഞ്ചായത്തിൽ 2019-20, 2020-21 വർഷങ്ങളിൽ നടപ്പാക്കിയ റോഡ് പ്രവൃത്തികൾ പരിശോധിച്ചതിൽ ഒന്നിൽ പോലും ഇത്തരത്തിൽ ഒന്നിലധികം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡാണ് എന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.
മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 18/02.06.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-28 ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് സ്വയംതൊഴിൽ പരിശീലനം- സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല.

ശിശു വികസന പദ്ധതി ഓഫീസർ നടപ്പാക്കിയ ഈപദ്ധതിയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം 2 ഘട്ടങ്ങളിലായി സ്വയംതൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. 30 പേർക്ക് ബേക്കറി ഉൽപന്നങ്ങൾ,പ്രകൃതിസൗഹൃദബാഗുകൾ എന്നിവയുടെ നിർമ്മാണത്തിനാണ് പരിശീലനം നൽകിയിരിക്കുന്നത്. ഈ പദ്ധതിയുടെ ചെലവിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ബിൽ നം./തീയതി | ബിൽ നമ്പർ/ തീയതി | സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന് അനുവദിച്ച തുക |
|---|---|---|---|
| 2020-21 | 93/21 ഫണ്ട്- വികസനഫണ്ട് (പൊതുവിഭാഗം) | 01/2020-21 Dt 15.04.2020 | 105000 |

സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം. 22/2018/ത.സ്വ.ഭ.വ തിയതി 14.02.2018 ഖണ്ഡിക 8.5പ്രകാരം പരിശീലനത്തിന് മാത്രമായി പ്രോജക്റ്റ് പാടില്ല,വികസനപ്രോജക്റ്റിന്റെ ഭാഗമായി പരിശീലനമാകാം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതിയിൽ പരിശീലനം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ഇത് മാർഗ്ഗരേഖാനിബന്ധനകളുടെ ലംഘനമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/03.06.2022 ,23/03.06.2022 എന്നിവയ്ക്ക് നൽകിയ മറുപടിയിൽ സംരംഭം തുടങ്ങിയ 5 ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് പരിശീലനത്തിന് വേണ്ടി മാത്രമാണ്. സബ്സിഡി മാർഗ്ഗരേഖാ നിബന്ധനകൾക്കനുസൃതമായി മാത്രം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ

ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -122/21 – ചാക്കോച്ചിറ കുളം നവീകരണം വാർഡ് 12 – പുതുക്കാട് ഗ്രാമപഞ്ചായത്ത്<br>അടങ്കൽ - 498499<br>കരാർ തുക – 445802<br>കരാറുകാരൻ - ലോനക്കുട്ടി കെ പി<br>എഗ്രിമെന്റ് നം.:30/AE /LSGD/KDA /2019-20 Dt.17-1-20<br>അളവു പുസ്തകം- 44/2019-20<br>ട്രഷറി ബിൽ നമ്പർ 25/24.6.20<br>ചെലവ് തുക – 498499/- | 16.12.2019 | 30.12.2019 | 17.01.2020 | 4458 |
| 2 | പ്രോജക്ട് നമ്പർ -51/21 | 16.12.2019 | 30.12.2019 | 17.01.2020 | 3655 |

| | | | | | |
|---|---|---|---|---|---|
| | –കനകമല ലിഫ്റ്റ് ഇറിഗേഷൻ, കൊടകര ഗ്രാമപഞ്ചായത്ത്<br>അടങ്കൽ – 415104<br>കരാർ തുക – 365459<br>കരാറുകാരൻ – ലോനക്കുട്ടി കെ പി<br>എഗ്രിമെന്റ് നം.:31/AE /LSGD/KDA /2019-20 Dt.17-1-20<br>അളവു പുസ്തകം-40, 46,23/2019-20<br>ട്രഷറി ബിൽ നമ്പർ 32/28.10.2020<br>ചെലവ് തുക – 415104/- | | | | |
| | ആകെ | | | | 8113 |

മുകളിൽ പറഞ്ഞുപ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 16/02.06.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴ ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽനിന്നും പിഴ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല

PRICE സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ വിവരം | ബിറ്റുമിന്റെ അളവ് (Kg) | ഉപയോഗിച്ച ടാർ ബാരലുകളുടെ എണ്ണം | വില (@ Rs.238) | ജി എസ് ടി (18%) | ആകെ |
|---|---|---|---|---|---|---|
| 1 | 101/21 – വാസുപുരം കുഞ്ഞാക്കര റോഡ് വാർഡ് 21 മറ്റത്തൂർഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ - കെ ആർ അനന്തരാമൻ | VG 30 – 3929.16<br>RS1- 404.49 | 27 (25 + 2) | 6426 | 1157 | 7583 |

| | | | | | | |
|---|---|---|---|---|---|---|
| | എംബി നമ്പർ – 27/19-20<br>33/19-20<br>എഗ്രി.നമ്പർ – 12/AE/LSGD /KDA/2019-20<br>തീയതി 05.09.2019<br>ചെലവ് - 646767/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>18/20.4.2020 – 193932<br>12/20.4.2020 - 452835 | | | | | |
| 2 | 67/21 – കണ്ണമ്പത്തൂർ റോഡ് റീടാറിങ്ങ് പുതുക്കാട് ഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ - സി കെ ഷാജി<br>എംബി നമ്പർ – 16/20-21<br>എഗ്രി.നമ്പർ – 21/AE/LSGD /KDA/2019-20<br>തീയതി 06.11.2020<br>ചെലവ് - 499915/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>41/26.3.2021 | VG30 – 3305.79<br>RS1 – 352.51 | 23<br>(21 + 2) | 5474 | 985 | 6459 |
| 3 | 63/21 – കടമ്പോട് മുട്ടത്തുകുളങ്ങര കനാൽ ബണ്ട് റോഡ് - മറ്റത്തൂർ ഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ - മാത്യു വർഗീസ്<br>എംബി നമ്പർ - 8/20-21<br>എഗ്രി.നമ്പർ – 6/AE/LSGD /KDA/2020-21<br>തീയതി 09.06.2020<br>ചെലവ് - 489048/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>39/27.2.2021 | SS1 – 602.57<br>RS1 – 194.95<br>VG30 – 1495.78 | 14<br>(3 + 1 + 10) | 3332 | 600 | 3932 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 118/21 – പാലക്കപ്പറമ്പ് മതിക്കുന്ന് കോട്ടായി കപ്പേള കനാൽ ബണ്ട് റോഡ്, തൃക്കൂർ ഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ - സി കെ ഷാജി<br>എംബി നമ്പർ – 16/20-21<br>എഗ്രി.നമ്പർ – 1/AE/LSGD /KDA/2019-20<br>തീയതി 22.08.2019<br>ചെലവ് - 875414/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>52/31.3.2021 | RS1 – 181.09<br>VG30 – 1389.44<br>SS1 – 559.725 | 13<br>(1 + 9 +3) | 3094 | 557 | 3651 |
| 5 | 119/21 – മാങ്കുറ്റിപ്പാടം കനാൽ ബണ്ട് റോഡ് മറ്റത്തൂർ ഗ്രാമപഞ്ചായത്ത്<br>കരാറുകാരൻ - കെ ആർ അനന്തരാമൻ<br>എംബി നമ്പർ - 11/20-21<br>എഗ്രി.നമ്പർ – 14/AE/LSGD /KDA/2019-20<br>തീയതി 05.09.2019<br>ചെലവ് - 454025/-<br>ട്രഷറി ബിൽ നമ്പർ/തീയതി<br>54/30.3.2021 | VG30 – 1352.23<br>RS1 – 185.01<br>SS1 – 571.84 | 12<br>(8 +1 + 3) | 2856 | 514 | 3370 |
| | ആകെ | | | | | 24995 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 15/2.6.2022-ന് മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ബാരൽ വില ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽപറഞ്ഞ പ്രകാരം കാലിബാരൽ വില ഇനത്തിൽ 24995 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2020-21 | 200000 | ഊരാളൻകുളം | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ വലിയകുളം വരെ നീട്ടൽ പുതുക്കാട് ഗ്രാമപഞ്ചായത്ത് | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 14483878 | പി.എം.എ.വൈ ഭവനം ജനറൽ | 3985220 | 10498658 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തി യുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ദീർഘിപ്പിക്കൽ -തൃക്കൂർ ഗ്രാമപഞ്ചായത്ത് | U000000850631312 | 500000 | 0 | 500000 |
| കേരള വാട്ടർ അതോറിറ്റി | അയ്യങ്കോട് ആതുർ കോളനി കുടിവെള്ളപദ്ധതി- പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ദീർഘിപ്പിക്കൽ -തൃക്കൂർ ഗ്രാമപഞ്ചായത്ത് | U000000780745914 | 700000 | 500841 | 199159 |
| കേരള വാട്ടർ അതോറിറ്റി | ചീനിക്കുന്ന് എസ്.ടി കോളനി കുടിവെള്ളപദ്ധതി പൂർത്തീകരണം അയേൺ റിമൂവർ &ഫിൽട്ടർ സ്ഥാപിക്കൽ- വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | U000000851699392 | 206200 | 0 | 206200 |
| കേരള വാട്ടർ അതോറിറ്റി | കൊരേച്ചാൽ ഇടുത്തൻകുന്ന് കുടിവെള്ളപദ്ധതി വിപുലീകരണം- മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | U000000850650810 | 1000000 | 0 | 1000000 |
| | ആകെ | | | | 1905359 (വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ 2420000 രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | ബാലൻസ് ഉണ്ട്. 514641 രൂപയുടെ വ്യത്യാസം ഓഡിറ്റിൽ വിശദീകരിച്ചിട്ടില്ല) |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ-ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | U000000780745904 | 511460 | 511460 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 2020-21 പാഴായി ലിഫ്റ്റ് ഇറിഗേഷൻ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ-ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | U000000850650808 | 634185 | 634185 | 0 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-8 | 2009-10 | 3.2.2 | ഉഴിഞ്ഞാൽ പ്പാടം ബണ്ട് സംരക്ഷണം സർക്കാർ ചട്ടങ്ങൾ പാലിച്ചിട്ടില്ല. | 2004-05 സാമ്പത്തിക വർഷത്തെ എസ്. ജി. ആർ. വൈ. പദ്ധതിയിൽപ്പെട്ട 100000/-രൂപ അടങ്കൽ ഉണ്ടായിരുന്ന ഉഴിഞ്ഞാൽ പ്പാടം തോട് സംരക്ഷണം എന്ന പ്രവ്യത്തിക്ക് കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണാനുമതിയും ബ്ലോക്ക് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | സാങ്കേതികാനുമതിയും ലഭിച്ചശേഷം നിലവിലുണ്ടായിരുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്തൃസമിതി 28/01/2005 ന് 48/2004-05 നമ്പറായി കരാർ വെക്കുകയും അടങ്കൽ തുകയുടെ 25% വരുന്ന 25000/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകുകയും ചെയ്തിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91135758 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96773352 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33108 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,88,899 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക<br>സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8113 | പ്രതീഷ് പി ബി, അസി.എഞ്ചിനീയർ |
| 3-2(1) | 7583 | പ്രതീഷ് പി ബി, അസി.എഞ്ചിനീയർ |
| 3-2(2) മുതൽ (5) വരെ | 17412 | ജിജിമോൾ ടി കെ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 11,37,899 | ഡോ.ബിനോജോർജ്ജ് മാത്യു, സൂപ്രണ്ട് താലൂക്ക് ആശുപത്രി, പുതുക്കാട് |
| 1-22 | 51,000 | സ്വപ്ന. എസ്. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |

| | | |
|---|---|---|
| ആകെ | 11,88,899 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രതീഷ് പി ബി, അസി.എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചാലക്കുടി ബ്ലോക്ക്പഞ്ചായത്ത് | പള്ളത്തേരി വീട്,ആനന്ദപുരം പി ഒ, തൃശ്ശൂർ |
| ശ്രീമതി ജിജിമോൾ ടി കെ | അസി.എഞ്ചിനീയർ, കൊടകര ബ്ലോക്ക് പഞ്ചായത്ത് | പനയിൽ വീട്, പഴവിൽ വെസ്റ്റ് പി ഒ, തൃശ്ശൂർ |
| ഡോ.ബിനോജോർജ്ജ് മാത്യൂ | ഡോ.ബിനോജോർജ്ജ് മാത്യൂ, സൂപ്രണ്ട് താലൂക്ക് ആശുപത്രി, പുതുക്കാട് | കുഴിയിൽ വീട്, അയ്യന്തോൾ തൃശ്ശൂർ 680003 |
| സ്വപ്ന. എസ്. | സ്വപ്ന. എസ്, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ കൊടകര ബ്ലോക്ക് | ഹരിചന്ദനം വീട് ചിറ്റിശ്ശേരി, പി.ഒ തലോർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി16-704/99 തീയതി 22.3.99 |
| 98-99വരവ്-ചെലവ് | എൽ.എഫ്.ടി16-339/00 തീയതി.2.6.00 |
| 1999-00 പദ്ധതി വിഹിതം | എൽ .എഫ്. ടി9 -56/04/ തീയതി.11.03.04/7.7.04 |
| 1999-00 | എൽ.എഫ്.ടി21-2204/07തീയതി 21.11.06 |
| 2000-01 | എൽ.എഫ്.ടി21-2205/07തീയതി 21.11.06 |
| 01-02 | എൽ.എഫ്.ടി21-2206/07തീയതി21.11.06 |
| 02-03 | എൽ.എഫ്.ടി21- 2570/07തീയതി 21.02.09 |
| 03-04 | എൽ.എഫ്.ടി21-2571/07തീയതി21.02.09 |
| 04-05 | എൽ.എഫ്.ടി21-2624/07-തീയതി 21.02.09 |
| 05-06 | എൽ.എഫ്.ടി.21-2714/07തീയതി 21.02.09 |
| 06-07 | എൽ.എഫ്.ടി(ബി.പി) 537/11 തീയതി 26.09.11 |
| 07-08 | എൽ.എഫ്.ടി(ബി.പി)538/11 തീയതി.26.09.11 |

| | |
|---|---|
| 08-09 | എൽ.എഫ്.ടി(ബി.പി)-539/11 തീയതി26.09.11 |
| 2009-10 | എൽ.എഫ്.ടി(ബി.പി)540/11 തീയതി26.09.11/8.12/11 |
| 2010--11 | എൽ.എഫ്.ടി(ബി.പി) 2236/12/ തീയതി15.2.13/5.6.13 |
| 2011-12 | എൽ.എഫ്.ടി(ബി.പി) 218/13 തീയതി.15.04.13/3.8.13 |
| 2012-13 | എൽ.എഫ്.ടി(ബി.പി) 1365/14 തീയതി.12.11.14/5.12.14 |
| 2013-14 | നം കെ.എസ്.എ.ടി.എസ്.ആർ (BP)368/15/ തിയ്യതി 09.07.15, 09.10.15 |
| 2014-15,2015-16 | നം കെ.എസ്.എ.ടി.എസ്.ആർ (BP2)642/17/ തിയ്യതി 18.05.2017 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി2)1068/2017 തിയതി.11.07.2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി2)03/2019 തിയതി.12.03.2019/05.04.2019 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ. (ബി.പി.)994/2019 തീയതി:16/09/19 |
| 2019-20 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി.5)952/2022 തീയതി:03/07/22 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്